# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7281** **11.07.2014-ൽ മറുപടിക്ക്**

## തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
| (എ) | തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ; | (എ) | തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പുതുക്കിയ നിരക്കിലുള്ള 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. |
| (ബി) | പുതിയ പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സറണ്ടർ ചെയ്തു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 2014 മാർച്ചിലാണ് സ്ഥലം ലഭ്യമായത്. |
| (സി) | ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും; പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ ; | (സി) | 335 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് തുക 700 ലക്ഷം രൂപ ആണ്. |
| (ഡി) | പുതുക്കിയ എസ്റ്റിമേറ്റ്, പുതിയ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് സർക്കാറിന് നൽകിയിട്ടിണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഓഫീസിലാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇല്ല. പുതുക്കിയ നിരക്കിലുള്ള 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പാലക്കാട് നിരത്തുകൾ വിഭാഗം ഓഫീസിൽ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ഇ) | പുതിയ പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിൽ തടസ്സമില്ല. |

സെക്ഷൻ ഓഫീസർ